I ഇ.ബി. XV - കേരള നിയമസഭ/XI-14

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂലൈ 4, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 3289-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 26-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത 3289-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### കാര്യവട്ടം ക്യാമ്പസിലെ വിദ്യാർത്ഥിയെ മർദ്ദിച്ച സംഭവം

മി. സ്പീക്കർ: കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ കെ.എസ്.യു. നേതാവിനെ എസ്.എഫ്.ഐ-യുടെ നേതൃത്വത്തിൽ മർദ്ദിച്ച സംഭവത്തെ തുടർന്ന് വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 02-07-2024-ന് കേരള സർവ്വകലാശാലയുടെ കാര്യവട്ടം Men's Researchers' Hostel-ൽ പുറത്തുനിന്നുള്ള ഒരാൾ പ്രവേശിച്ചതുമൂലമുണ്ടായ തർക്കത്തെ തുടർന്ന് ക്യാമ്പസിലും ശ്രീകാര്യം പോലീസ് സ്റ്റേഷന് മുന്നിലും രണ്ട് വിഭാഗം വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷത്തിൽ പതിനഞ്ചോളം എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെ കേസെടുത്ത് അന്വേഷണം നടത്തിവരികയാണ്. കോൺഗ്രസ് എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ

നടന്ന പോലീസ് സ്റ്റേഷൻ ഉപരോധത്തിനിടെ കെ.എസ്.യു., യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ ഭാഗത്തുനിന്നും പോലീസിനുനേരെയുണ്ടായ കല്ലേറിൽ ഒരു പോലീസുകാരന് പരിക്കേൽക്കുകയും മൊഴിയുടെ അടിസ്ഥാനത്തിൽ രണ്ട് എം.എൽ.എ.-മാർക്കെതിരെയും ഇരുപതോളം കെ.എസ്.യു., യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെയും കേസെടുക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.യു. പ്രവർത്തകരുടെ പരാതിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഘർഷാവസ്ഥ ലഘൂകരിക്കാനായി പോലീസ് കൃത്യമായ ഇടപെടലാണ് നടത്തിയിട്ടുള്ളത്. എല്ലാ കേസുകളിന്മേലും ശക്തമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കും.

ശ്രീ. എം. വിൻസെന്റ്: എസ്.എഫ്.ഐ.-യുടെ അക്രമപരമ്പരകൾ സംബന്ധിച്ച വിഷയം സഭയിൽ ചർച്ചയ്ക്ക് വന്നപ്പോഴെല്ലാം അവരെ ന്യായീകരിക്കുന്ന സമീപനമാണ് മുഖ്യമന്ത്രി സ്വീകരിച്ചിട്ടുള്ളത്. കെ.എസ്.യു. തിരുവനന്തപുരം ജില്ലാ ജോയിന്റ് സെക്രട്ടറി സാഞ്ചോസിനെ രാത്രി ഭക്ഷണത്തിനുശേഷം സുഹൃത്ത് ക്യാമ്പസിൽ ഇറക്കി തിരിച്ചുപോകുമ്പോൾ എസ്.എഫ്.ഐ. പ്രവർത്തകർ തടഞ്ഞുവയ്ക്കുകയും തുടർന്ന് അത് അന്വേഷിച്ച് ചെന്ന സാഞ്ചോസിനെയും സുഹൃത്തുക്കളെയും

ഹോസ്റ്റലിൽ ഇടിമുറിയിൽ കൊണ്ടുപോയി മർദ്ദിക്കുകയുമാണുണ്ടായത്. പരിക്കേറ്റവരെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്നതിനുപകരം ശ്രീകാര്യം പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയ വിവരമറിഞ്ഞ് അവിടെ എത്തിയ ശ്രീ. ചാണ്ടി ഉമ്മൻ എം.എൽ.എ.യെയും എന്നെയും പ്രവർത്തകർ ആക്രമിക്കുകയും പോലീസ് ഞങ്ങൾക്കെതിരെ കേസെടുക്കുകയുമാണുണ്ടായത്. കോഗ്നിസബിൾ ഒഫൻസ് നടന്നിട്ടും നടപടി സ്വീകരിക്കാത്ത പോലീസാണ് കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന് എം.എൽ.എ.-മാരുൾപ്പെടെയുള്ളവരുടെ പേരിൽ കേസ്സെടുത്തിരിക്കുന്നത്. കേരളത്തിലെ ക്യാമ്പസ്സുകളിൽനിന്ന് വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതിന് ഒരു കാരണം ഇത്തരം അക്രമസംഭവങ്ങളാണ്. അക്രമരാഷ്ട്രീയം കൈമുതലാക്കിയ എസ്.എഫ്.ഐ. സംസ്ഥാനത്തിന് ബാധ്യതയായി മാറിയിരിക്കുകയാണ്. ഈ സംഭവംമൂലം വിദ്യാർത്ഥി സമൂഹത്തിനും രക്ഷിതാക്കൾക്കും ഉണ്ടായിരിക്കുന്ന ആശങ്ക സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. പിണറായി വിജയൻ</u>: എസ്.എഫ്.ഐ.-യെ അധിക്ഷേപിക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ്

നടക്കുന്നത്. കൊലപാതകങ്ങൾ നടത്തുകയും കൊലയാളികളെ സംരക്ഷിക്കുകയും ചെയ്യുന്ന നിലപാടാണ് എക്കാലത്തും കോൺഗ്രസ് സ്വീകരിച്ചിട്ടുള്ളത്. സങ്കുചിത രാഷ്ട്രീയ കാഴ്ചപ്പാടോടുകൂടി മാത്രം പ്രശ്നങ്ങളെ കണ്ടുകൊണ്ട് ഒരു പ്രത്യേക വിദ്യാർത്ഥി സംഘടനയെ മോശപ്പെടുത്താൻ ശ്രമിക്കുന്നത് പ്രശ്നങ്ങൾ രൂക്ഷമാക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സമാധാനാന്തരീക്ഷം നിലനിർത്താനുള്ള ശ്രമങ്ങളെ തുരങ്കം വയ്ക്കുന്ന സമീപനം നിർഭാഗ്യകരമാണ്. കാര്യവട്ടം ക്യാമ്പസ്സിലെ സംഘർഷം അപലപനീയവും അനഭിലഷണീയവുമാണ്. വിദ്യാർത്ഥികൾ തമ്മിലുണ്ടാകുന്ന സംഘർഷങ്ങൾ ഒഴിവാക്കാൻ രാഷ്ട്രീയ നേതൃത്വവും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധികൃതരും ക്രമസമാധാനപാലകരും ഒരുമിച്ച് പരിശ്രമിക്കണം. ക്യാമ്പസുകളിൽ സമാധാനാന്തരീക്ഷം നിലനിൽക്കേണ്ടത് പഠനത്തിന്റെയും പാഠ്യേതര പ്രവർത്തനങ്ങളുടെയും സുഗമമായ മുന്നോട്ടുപോക്കിന് അനിവാര്യമാണ്. അതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങളോടൊപ്പം എല്ലാവരും ഉണ്ടാകണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചെയ്യേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): ക്യാമ്പസ്സുകളിൽ അക്രമികൾക്ക് അഴിഞ്ഞാടാനുള്ള പൊളിറ്റിക്കൽ പാട്രണേജാണ് മുഖ്യമന്ത്രി പരസ്യമായി സഭയിൽ നൽകിയിരിക്കുന്നത്. കോളേജ് ഹോസ്റ്റലിലെ ഇരുണ്ട മുറിയിൽ അതിക്രൂര മർദ്ദനത്തിരയായ വിദ്യാർത്ഥിയെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനുപകരം പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയ നടപടി പ്രതിഷേധാർഹമാണ്. അലിഖിത നിയമവാഴ്ചയും പ്രാകൃത ശിക്ഷാരീതികളുമാണ് ക്യാമ്പസ് ഹോസ്റ്റലുകളിൽ നടക്കുന്നത്.

(പ്രതിപക്ഷ നേതാവിന്റെ പ്രസംഗം തടസ്സപ്പെടുത്തിയെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷ നേതാവിന്റെ സീറ്റിനുസമീപം വന്നുനിന്ന് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെ പോകുകയും പ്രതിപക്ഷ നേതാവ് പ്രസംഗം തുടരുകയും ചെയ്തു.)

തിരുവനന്തപുരം ലാ കോളേജിലെ എസ്.എഫ്.ഐ. സംഘർഷത്തെ ഇതിനുമുമ്പ് മുഖ്യമന്ത്രി ന്യായീകരിച്ചിട്ടുണ്ട്. എതിർ രാഷ്ട്രീയപ്രവർത്തനത്തിന് ആരെയും അനുവദിക്കാതെ ക്യാമ്പസുകൾ ക്രിമിനലുകൾ അടക്കിവാഴുകയാണ്. മുഖ്യമന്ത്രിയുടെ മറുപടിയിൽ ഞങ്ങൾ അതിശക്തമായി പ്രതിഷേധിക്കുകയാണ്.

(പ്രതിപക്ഷ നേതാവിന്റെ പ്രസംഗം തടസ്സപ്പെടുത്തുന്നുവെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങളൊന്നടങ്കം സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് ബഹളംവച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

(1) പൊതുസ്ഥലങ്ങളിലെ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: വികസന പ്രവർത്തനങ്ങളുടെ ഭാഗമായും അപകടഭീഷണി ഒഴിവാക്കാനും പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലുമുള്ള വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിനായി കൊണ്ടുവന്നിട്ടുള്ള നടപടിക്രമങ്ങൾമൂലം വലിയ പ്രയാസം നേരിടുകയാണ്. മരങ്ങൾ മുറിക്കുന്നതിനുള്ള കാലതാമസവും മുറിച്ചുമാറ്റുന്ന മരങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യാത്തതും വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയും മരങ്ങൾക്ക് അമിത വില നിർണ്ണയിച്ചിട്ടുള്ളതിനാൽ വാങ്ങാൻ ആളില്ലാതെ നശിച്ചുപോകുന്നത് കാരണം ഖജനാവിന് നഷ്ടമുണ്ടാകുകയും ചെയ്യുന്നുണ്ട്. മരത്തിന്റെ വില നിർണ്ണയാവകാശം തദ്ദേശസ്വയംഭരണാടിസ്ഥാനത്തിലുള്ള കമ്മിറ്റിക്ക് നൽകുകയും മാർക്കറ്റ് വിലയ്ക്ക് അനുയോജ്യമായി വില

നിശ്ചയിക്കുകയും ബന്ധപ്പെട്ട വകുപ്പ് മുഖേന മരം മുറിച്ചുമാറ്റുകയും വേണം. മരം മുറിക്കുന്നതിനുള്ള ചെലവിനെ സംബന്ധിച്ച് പൊതുനിർദ്ദേശം നൽകുന്നതിനും മഴയെയും കാറ്റിനെയും അതിജീവിക്കാൻ സാധിക്കുന്ന മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രസ്തുത വിഷയം സംബന്ധിച്ച് ശാസ്ത്രീയ പരിശോധന നടത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. കാലോചിതമായ പരിഷ്കാരം ആവശ്യമായ ഇക്കാര്യത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ശ്രീമതി ഉമ തോമസ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല)

## IV സബ്മിഷൻ

### (1) വനഭൂമി പട്ടയ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ നടപടി

ശ്രീ. പി. എസ്. സുപാൽ: യഥാസമയം അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത വനഭൂമി പട്ടയത്തിന് അർഹതയുള്ളവർക്ക് അതിനായി സമയം അനുവദിക്കുന്നതിനും സമർപ്പിച്ച അപേക്ഷകൾക്ക് കേന്ദ്രാനുമതി ലഭ്യമാക്കി തീർപ്പ് കൽപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വനഭൂമി പട്ടയത്തിന് അപേക്ഷ നൽകാൻ ജൂലൈ 30-വരെ സമയം അനുവദിക്കാവുന്നതാണ്. കൊല്ലം ജില്ലയിലെ വനഭൂമി കൈവശക്കാരുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കുന്നതിനുള്ള ചെലവ് പട്ടയ മിഷനിൽ ഉൾപ്പെടുത്തുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്ത് വച്ചു.)

(2) ചങ്ങനാശ്ശേരി വനിതാ ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം

ശ്രീ. ജോബ് മൈക്കിൾ: ചങ്ങനാശ്ശേരി വനിതാ ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം കൈമാറുന്നതിനും അക്കാര്യത്തിൽ കാലതാമസം നേരിടുന്നപക്ഷം സ്ഥലത്തിന്റെ അഡ്വാൻസ്ഡ് പൊസഷനുള്ള അനുവാദം നൽകുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(ശ്രീ. പി. വി. ശ്രീനിജിൻ, ശ്രീ. കെ. ജെ. മാക്സി, ശ്രീ. കെ. വി. സുമേഷ്, ശ്രീ. കോവൂർ കുഞ്ഞുമോൻ എന്നീ അംഗങ്ങളുടെ സബ്മിഷനുകളുടെ മറുപടി ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവച്ചു.)

## V റിപ്പോർട്ട് സമർപ്പണം.

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

(1) സബ്ജക്ട് കമ്മിറ്റി II-ന്റെ 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി VI, VIII, XII എന്നിവയുടെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകളും 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2024-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച റിപ്പോർട്ടും.

(3) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിമൂന്നാമത് റിപ്പോർട്ട്.

(4) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്.

(5) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ.

(6) സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്.

(7) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്.

(8) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്.

## VI ധനകാര്യം

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജല വിതരണവും ശുചീകരണവും
(873,80,65,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം
(578,05,43,000 രൂപ)

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം
(367,12,65,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ
(92,19,68,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ
(76,67,11,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX - നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ

ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX -നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന ഉപക്ഷേപം സഭ ചർച്ച കൂടാതെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 11.16-ന് പിരിഞ്ഞു.

********